9.30 AM]

II അടിയന്തരപ്രമേയനോട്ടീസ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ അടിയന്തരപ്രമേയത്തിന് സർവ്വശ്രീ മാത്യു ടി. തോമസ്, കെ. കെ. ജയചന്ദ്രൻ, വി. എസ്. സുനിൽകുമാർ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങളാണ് നോട്ടീസ് നൽകിയിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിയമസഭാ സമ്മേളനം തുടങ്ങിയതുമുതൽ ഇതുവരെ സ്ഥിരമായി, സഭയ്ക്കകത്ത് പല രൂപത്തിലും ഭാവത്തിലും വന്നുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ഇതേവിഷയം തന്നെ ഇന്നലെയും അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്നു. ചെയർ അടിയന്തരപ്രമേയം അനുവദിക്കാമെന്ന് ഇന്നലെ സമ്മതിച്ചതാണ്. നിർഭാഗ്യവശാൽ, അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. നിയമസഭ തുടങ്ങിയതുമുതൽ പല പ്രാവശ്യം പല രൂപത്തിലും ചർച്ച ചെയ്ത ഇതേ പ്രശ്നം ഇനിയും അടിയന്തരപ്രമേയമായി ചർച്ച ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് പ്രസ്തുത വിഷയം സംബന്ധിച്ച് ആദ്യത്തെ സബ്മിഷനായി തന്നെ അനുവദിക്കുന്നതാണ്. അതിന് പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കഴിഞ്ഞ ദിവസങ്ങളിൽ റൂൾ 50 അനുസരിച്ച് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്റെ കാര്യങ്ങളല്ല ഞങ്ങൾ ഇപ്പോൾ നൽകിയിരിക്കുന്ന അടിയന്തരപ്രമേയ നോട്ടീസിലുള്ളത്. ഇപ്പോൾ പുതിയ പ്രശ്നങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ഇവിടെ ഒരു കേസ് അട്ടിമറിക്കാൻ നടത്തുന്ന ശ്രമത്തെ സംബന്ധിച്ചാണ് പുതിയ അടിയന്തരപ്രമേയം. ഓരോ ദിവസവും ഉണ്ടാകുന്ന പുതിയ പ്രശ്നത്തെപ്പറ്റിയാണ് നിയമസഭയിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുന്നത്.

ശ്രീ. മാത്യു ടി.തോമസ്: സർ, കഴിഞ്ഞ വെള്ളിയാഴ്ചയ്ക്കുശേഷമുള്ള കാര്യങ്ങൾ മാത്രമേ പറയുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പഴയ കാര്യങ്ങൾ ഒന്നും തന്നെ പറയുന്ന പ്രശ്നമില്ല. ബഹുമാനപ്പെട്ട ചെയർ, അടിയന്തരപ്രമേയം ഇന്നലെ എടുക്കാമെന്ന് പറഞ്ഞിരുന്നതാണ്. ഇന്നലെ എടുക്കാൻ പറ്റുമെന്ന് പറഞ്ഞത് ഇന്ന് എന്തുകൊണ്ടാണ് എടുക്കാൻ പറ്റാത്തത്, അതിൽ എന്ത് മാറ്റമാണ് വന്നിട്ടുള്ളത്?

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഡയസ്സിനുമുന്നിൽ വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, ഈ വിഷയത്തെ സംബന്ധിച്ച് ഈ സമ്മേളനം തുടങ്ങിയതുമുതൽ ചർച്ച ചെയ്യുന്നതാണ്. ഈ വിഷയം ഇന്ന് എടുക്കാൻ പറ്റില്ല എന്നല്ല അതിന്റേതായ പ്രാധാന്യത്തോടുകൂടി ആദ്യത്തെ സബ്മിഷനായി എടുക്കാമെന്നാണ് ഞാൻ പറഞ്ഞത്. .....തടസ്സം..... ദയവുചെയ്ത് നിങ്ങൾ സഹകരിക്കണം. .....തടസ്സം.... ബഹുമാനപ്പെട്ട മാത്യു. റ്റി. തോമസ്, അങ്ങയുടെ ഈ വിഷയം ഫസ്റ്റ് സബ്മിഷനായി, അതിന്റേതായ പ്രാധാന്യത്തോടുകൂടി അനുവദിക്കുന്നതാണ്. .....തടസ്സം..... നിങ്ങൾ ചെയർ പറയുന്നത് ശ്രദ്ധിക്കണം. സഭയിൽ ചർച്ച ചെയ്ത പ്രശ്നങ്ങൾ വീണ്ടുംവീണ്ടും അടിയന്തരപ്രമേയമായി വരുമ്പോൾ അത് സബ്മിഷനായി മാറ്റുന്നത് ഒരു പുതിയ സംഭവമല്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ 11 അടിയന്തര പ്രമേയങ്ങൾ സബ്മിഷനായി മാറ്റിയിട്ടുണ്ട്. ഞാൻ ഡേറ്റ് വരെ പറയാം, എന്റെ കയ്യിൽ റിക്കോർഡ് ഉണ്ട്. അടിയന്തരപ്രമേയമായി വരുന്ന വിഷയങ്ങൾ സബ്മിഷനായി മാറ്റിയ ഒരു കീഴ്വഴക്കമാണ് ഈ സഭയ്ക്കുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും കഴിഞ്ഞ നിയമസഭയുടെ കാലത്തും ഇതുതന്നെയാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ....തടസ്സം..... ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ഫസ്റ്റ് സബ്മിഷനായി തന്നെ ഈ വിഷയം എടുക്കുന്നതാണ്. ....തടസ്സം.....

ശ്രീ. സി. ദിവാകരൻ: റൂൾ 50 എന്നത് സസ്പെന്റ് ചെയ്തോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: അതിന്റെ ആവശ്യമില്ല. ഈ വിഷയത്തിന്റെ പ്രാധാന്യത്തോടുകൂടി സബ്മിഷനിൽ തന്നെ അവതരിപ്പിക്കാൻ അനുവദിക്കുന്നതാണ്, ഫസ്റ്റ് സബ്മിഷനായി തന്നെ ഈ വിഷയം എടുക്കാം. ദയവായി അംഗങ്ങൾ സഹകരിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ റൂൾ 50 അനുസരിച്ചാണ് നോട്ടീസ് നൽകിയിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾക്ക് അത്രയും നിർബന്ധമാണെങ്കിൽ ഫസ്റ്റ് സബ്മിഷനായി ഇപ്പോൾത്തന്നെ എടുക്കാം. ....തടസ്സം..... ഈ വിഷയം സഭയിൽ ഉന്നയിക്കാൻ അവസരം നൽകില്ലായെന്ന് ചെയർ പറഞ്ഞിട്ടില്ല. ഇത് ഇന്നുതന്നെ നിങ്ങൾക്ക് സബ്മിഷനായി അനുവദിക്കാം; ദയവായി സഹകരിക്കണം. ചെയറിന് രണ്ടുഭാഗത്തെയും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാദ്ധ്യതയും ഉത്തരവാദിത്വവുമുണ്ട്. അത് നല്ലവണ്ണം ചെയറിനറിയാം. ....തടസ്സം ..... ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഈ സമ്മേളനം തുടങ്ങിയതിനുശേഷം ഇതുവരെ ഒരു അടിയന്തരപ്രമേയവും സബ്മിഷനായി മാറ്റിയിട്ടില്ല. പുതിയ സംഭവങ്ങൾ ഏതെങ്കിലുമായിരുന്നുവെങ്കിൽ തീർച്ചയായും അടിയന്തരപ്രമേയം അനുവദിക്കുമായിരുന്നു.

ഇത് പഴയ സംഭവമാണ്, എത്രയോ പ്രാവശ്യം നിയമസഭ ചർച്ച ചെയ്തതാണ്. അതുകൊണ്ടാണ് ഫസ്റ്റ് സബ്മിഷനായി അനുവദിക്കാമെന്ന് ചെയർ പറഞ്ഞത്. നിങ്ങൾ ദയവായി സഹകരിക്കണം. ഇന്നലെ ചോദ്യോത്തരവേള തുടർന്നു കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യത്തിലാണ് റദ്ദ് ചെയ്തത്. .....തടസ്സം..... ഇന്നലെ നിങ്ങൾ ചെയറിനെപ്പറ്റി പറഞ്ഞതുമുഴുവൻ ഞാൻ കേട്ടു. ഞാൻ പ്രതികരിച്ചില്ല. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഒരു ചെയറിനെതിരെ പറയാൻ പാടില്ലാത്ത കാര്യങ്ങൾ എന്റെ തൊട്ടടുത്തുനിന്ന് പറഞ്ഞത് ഞാൻ കേട്ടതാണ്. ഞാൻ പ്രതികരിച്ചില്ല. ....തടസ്സം.....

ശ്രീ. സി. ദിവാകരൻ: സർ, ചെയർ പക വീട്ടുകയാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രതികാരമല്ല. ദയവായി നിങ്ങൾ സഹകരിക്കണം. ....തടസ്സം..... കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമസഭയിൽ 11 ദിവസം അടിയന്തരപ്രമേയങ്ങൾ സബ്മിഷനാക്കി മാറ്റിയിട്ടുണ്ട്. ഇക്കാര്യം ചെയർ പരിശോധിച്ചതിനുശേഷമാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഞങ്ങൾ ഇന്നത്തെ സഭയിൽ ചോദ്യോത്തരവേളയിൽ സഹകരിച്ചില്ല. അതിനുശേഷം റൂൾ 50 ആണ്. അത് അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറയുകയും ഇപ്പോൾ കാലുമാറുകയും ചെയ്തിരിക്കുകയാണ്. അദ്ദേഹത്തിന്റെ ധിക്കാരപരവും ഏകാധിപത്യപരവുമായ ഈ സമീപനത്തെ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(റൂൾ 50 അനുവദിക്കാത്തതിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

III ശ്രദ്ധ ക്ഷണിക്കൽ

(1) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, കൊച്ചി മെട്രോ റെയിൽ പദ്ധതിയോടനുബന്ധമായി റോഡ്-ജലഗതാഗത മാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനും ഒരു ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. യഥാർത്ഥത്തിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനെക്കാൾ ബൃഹത്തായ ഒരു പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം. ഈ പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം മോഡേണൈസ്ഡായിട്ടുള്ള വാട്ടർ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം കൊച്ചിയിൽ മാത്രമല്ല അനുബന്ധ ജില്ലകൾക്കുകൂടി

LIBRARY ARCHIVES Kerala Legislative Assembly